ചെയ്യുകയും ആവശ്യമായ കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുകയും ചെയ്യുക യാണ് ഏജൻസിയുടെ പ്രധാന ചുമതലകൾ.

101 (3426) ഓയിൽ പാമിനോടനുബന്ധിച്ച് ഫാക്ടറി സ്ഥാപിക്കു ന്നതിന് നടപടി

ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽപാമിനോടനുബന്ധിച്ച് ആധുനിക രീതിയിലുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ഒരു ഫാക്ടറി സ്ഥാപിക്കുന്നതിലുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയി ട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓയിൽപാമിനോടനുബന്ധിച്ച് ആധുനിക രീതിയിലുള്ള ഒരു ഫാക്ടറിയുടെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) പുതിയ ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതോടെ കമ്പനി യുടെ 3646 ഹെക്ടർ സ്ഥലത്തുള്ള പനങ്കുലകൾ യഥാസമയത്ത് സംസ്കരിച്ച് മേൽത്തരം എണ്ണ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതും, കൂടാതെ (എണ്ണപ്പന കൃഷി വ്യാപകമാക്കുന്നതോടെ) എണ്ണപ്പന കർഷകരുടെ പനങ്കുലകൾ കൂടി സംസ്ക്കരിക്കുവാൻ സാധിക്കുന്നതുമാണ്. നെട്ടിലെ എണ്ണകൂടി സംസ്ക്കരി ക്കുവാൻ കഴിയും.

(സി) മലേഷ്യൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മണിക്കൂറിൽ 20 ടൺ ഉൽപ്പാദനശേഷിയുള്ള പുതിയ മിൽ ഓയിൽപാം ഇൻഡ്യയുടെ ഏരൂർ എസ്റ്റേറ്റിലാണ് സ്ഥാപിച്ചിട്ടുള്ളത്. 18.925 കോടി മുതൽമുടക്കിയ ഈ പ്രോജക്ടിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരവും അനുമതി യുമുണ്ട്. പ്രസ്തുത മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുവേണ്ടി കാർഷികോൽപ്പാദന കമ്മീഷണർ, ധനകാര്യവകുപ്പ് സെക്രട്ടറി, ആസൂത്രണവകുപ്പ് സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ എന്നിവരട ങ്ങുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പണിപൂർത്തിയായ മില്ലിന്റെ പ്രവർത്തനക്ഷമത പരീക്ഷിക്കുന്നതിനുള്ള ട്രയൽ നടന്നുവരുന്നു.

102 (3427) കൃഷിഭവനുകളിലെ സീപ്പർമാർ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ സ്വീപ്പർമാരായി എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നു;

(ബി) ഇതിൽ എത്രപേർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുവെന്നും എത്രപേർ സ്ഥിരനിയമനം ലഭിച്ചവരാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് ഇപ്പോൾ എന്ത് വേതനമാണ് സർക്കാർ നൽകിവരുന്നത്;

(ഡി) വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾ പരിഗണിച്ച് കൃഷിഭവനുകളിൽ പണിയെടുക്കുന്ന സ്വീപ്പർമാരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ കൃഷിഭവനുകളിൽ ഇപ്പോൾ 1048 പേർ സ്വീപ്പർമാരായി ജോലി നോക്കുന്നു. ഇവരിൽ 355 പേർ സ്വീപ്പർമാരായി സ്ഥിരം നിയമനം ലഭിച്ചവരും ബാക്കിയുള്ളവർ പ്രതിമാസം നിശ്ചിത തുക പ്രതിഫലംപറ്റി തൂപ്പുജോലി ചെയ്യുന്നവരുമാണ്.

(സി) സ്ഥിരനിയമനം ലഭിച്ച സ്വീപ്പർമാർക്ക് സ്വീപ്പിംഗ് ഏരിയയുടെ തോതനുസരിച്ചാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്. നൂറു മുതൽ നാനൂറ് ച.മീറ്റർ വരെ സ്വീപ്പിംഗ് ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ 1250 രൂപയും ഡി.എ.യും, നാനൂറു മുതൽ എണ്ണൂറു വരെ ച.മീറ്റർ സ്വീപ്പിംഗ് ജോലി ചെയ്യുന്നവർക്ക് ഇപ്പോൾ 1500 രൂപയും ഡി.എ.യും നൽകുന്നു. നൂറ് ച. മീറ്ററിൽ താഴെ സ്വീപ്പിംഗ് ജോലി ചെയ്യുന്നവർക്ക് പ്രതിമാസം 600 രൂപ നിശ്ചിത പ്രതിഫലമാണ് നൽകുന്നത്.

(ഡി) കൃഷിഭവനുകളിൽ സ്ഥിരനിയമനം ലഭിച്ച സ്വീപ്പർമാർക്ക് വർദ്ധിപ്പിച്ച വേതനവും നിശ്ചിത പ്രതിഫലംപറ്റി 100 ച. മീറ്ററിനു താഴെ സ്വീപ്പിംഗ് ജോലി ചെയ്യുന്നവർക്ക് ജി.ഒ. (പി) നം. 3002/98/ഫിൻ. തീയതി 25-11-98 പ്രകാരമുള്ള വർദ്ധിപ്പിച്ച പ്രതിഫലമാണ് ഇപ്പോൾ നൽകുന്നത്.

103 (3428) കാർഷിക വികസന സമിതി യോഗങ്ങളിൽ കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർ പങ്കെടുക്കണമെന്ന നിർദ്ദേശം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർ പങ്കെടുക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) കിഴുവിലം വികസന സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പങ്കെടുക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) കാർഷിക വികസന സമിതിയുടെ യോഗങ്ങളിൽ കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർ നിർബന്ധമായി പങ്കെടുക്കണമെന്നു നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly